# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 966** — **7/2/2013-ലെ** മറുപടിയ്ക്ക്

### തൊഴിൽ ക്ലബ്ബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പി.സി. വിഷ്ണുനാഥ്. | **ശ്രീ. ഷിബു ബേബിജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) തൊഴിൽ ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വിവിധ തൊഴിലുകളിൽ വൈദഗ്ധ്യമുള്ള വരുമായ തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി സംഘടിപ്പിച്ച് സ്വയം തൊഴിൽ ചെയ്യുന്നതിനു വേണ്ടി രൂപീകരിച്ച പദ്ധതിയാണ് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് /ജോബ് ക്ലബ്ബ്.<br>14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുള്ള സെൽഫ് എംപ്ലോയ്മെന്റ് യൂണിറ്റുകൾ വഴി ഈ പദ്ധതി പ്രവർത്തിച്ചു വരുന്നു. |
| ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലില്ലാത്തവരെ ചെറു സംഘങ്ങ ളായി സംഘടിപ്പിച്ച് അവരെ ബാങ്കുമായി ലിങ്ക് ചെയ്ത് വായ്പയും ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് സബ്സിഡിയും അനുവദിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭി ക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.<br><br>സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കാൻ കഴിവും താൽപര്യ- വുമുള്ളവരെ കണ്ടെത്തി അവർക്ക് അനുയോജ്യമായ സ്വയം തൊഴിൽ |

പദ്ധതികൾ ആരംഭിച്ച് തൊഴിലില്ലായ്മയുടെ തീക്ഷ്ണത കുറയ്ക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) സ്വയം തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ചുവടെ പറയുന്ന നിബന്ധനകൾ/ വ്യവസ്ഥകൾ പാലിക്കുന്ന വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

1. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളയാളായിരിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവർത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആകാവുന്നതാണ്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10% ൽ കൂടാൻ പാടില്ല.
2. വാർഷിക കുടുംബ വരുമാനം 50,000/-രൂപയിൽ കവിയുവാൻ പാടില്ല..
3. പ്രായപരിധി 21 നും 40 നും മദ്ധ്യേയായിരിക്കണം. എന്നാൽ കേരളത്തിലെ മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മൂന്നു വർഷവും പട്ടികജാതി പട്ടികവർഗ്ഗ വികലാംഗ ഉദ്യോഗാർത്ഥികൾക്ക് അഞ്ചു വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതാണ്.
4. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും, തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവർക്കും തൊഴിൽ പരിചയം നേടിയിട്ടുള്ളവർക്കും പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്.

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത ക്ലബ്ബുകൾക്ക് നൽകിവരുന്നത്?

(ഡി) ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 10,00,000/- രൂപ ( പത്തു ലക്ഷം രൂപ മാത്രം) വരെ ബാങ്ക് വായ്പ അനുവദിക്കുന്നു. ബാങ്ക് വായ്പ

അനുവദിക്കുന്ന ജോബ് ക്ലബ്ബുകളുടെ പദ്ധതി ചെലവിന്റെ 25% അല്ലെങ്കിൽ പരമാവധി രണ്ട് ലക്ഷം രൂപ ഇവയിൽ ഏതാണോ കുറവ് ആ തുക ഓരോ ജോബ് ക്ലബ്ബിനും സബ്സിഡിയായി സർക്കാർ, എംപ്ലോയ്മെന്റ് വകുപ്പു മുഖാന്തിരം അനുവദിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ